"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഡീലിമിറ്റേഷൻ കമ്മീഷൻ - കമ്മീഷന്റെയും ഓഫീസിന്റെയും പ്രവർത്തനം അവസാനിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1033/2026/LSGD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-

1. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയുടെ 31.03.2026 തീയതിയിലെ SDC/332/2025-SDC7 നമ്പർ കത്ത്
2. സ. ഉ. (അച്ചടി) നമ്പർ 36/2024/LSGD തീയതി 14.06.2024
3. സ. ഉ. (സാധാ) നമ്പർ 1271/2024/LSGD തീയതി 11.07.2024
4. സ. ഉ. (സാധാ) നമ്പർ 1526/2024/LSGD തീയതി 14.08.2024
5. സ. ഉ. (സാധാ) നമ്പർ 1551/2024/LSGD തീയതി 19.08.2024
6. സ. ഉ. (സാധാ) നമ്പർ 131/2026/LSGD തീയതി 16.01.2026

**ഉത്തരവ്**

2025-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ഡല പുനർനിർണ്ണയത്തിനായി പരാമർശം (2) പ്രകാരം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുനഃസംഘടിപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം കമ്മീഷൻ സെക്രട്ടറിയെയും, പരാമർശം (4), (5) എന്നിവ പ്രകാരം കമ്മീഷൻ ജീവനക്കാരെയും നിയമിച്ചിരുന്നു.

കമ്മീഷനെ ഏൽപ്പിച്ചിരുന്ന ചുമതലകൾ 2025 ഒക്ടോബർ അവസാനത്തോടെ പൂർത്തിയാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന്, പരാമർശം (6) പ്രകാരം കമ്മീഷൻ നിർത്തലാക്കുന്നതിന് മുന്നോടിയായി ഫയലുകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും, കമ്പ്യൂട്ടറുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കും, ഫർണിച്ചറുകൾ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്കും കൈമാറാൻ അനുമതി നൽകിയിരുന്നു.അതിനാൽ, കമ്മീഷന്റെയും ഓഫീസിന്റെയും പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഡീലിമിറ്റേഷൻ കമ്മീഷന്റെയും ഓഫീസിന്റെയും പ്രവർത്തനം അവസാനിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ഡീലിമിറ്റേഷൻ കമ്മീഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്ബ് & ന്യൂ മീഡിയ )വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
സെക്ഷൻ ഓഫീസർ
Date: 20-05-2026 11:17:04

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ